**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 836** **17-09-2025 - ൽ മറുപടിയ്ക്ക്**

**ആഗോള അയ്യപ്പസംഗമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പസംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | ശബരിമലയെ ഒരു ആഗോള തീർത്ഥാടന കേന്ദ്രമായി ഉയർത്തുക, ശബരിമല മുന്നോട്ടു വയ്ക്കുന്ന "തത്ത്വമസി" എന്ന സന്ദേശം ലോകമെമ്പാടും പ്രചരിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പ സംഗമം ശബരിമലയുടെ വികസന പ്രവർത്തനങ്ങൾ, ഭക്തരുടെ ആവശ്യങ്ങൾ എന്നിവ ചർച്ച ചെയ്യുക, ശബരിമലയെക്കുറിച്ചുള്ള വികസന കാഴ്ചപ്പാടുകൾക്ക് പുതിയ മാനം നൽകുക, അവ ആഗോള തലത്തിൽ എത്തിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് ആഗോള അയ്യപ്പ സംഗമം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | ആഗോള അയ്യപ്പസംഗമത്തിൽ പങ്കെടുക്കുന്ന സംസ്ഥാനങ്ങളുടെയും പ്രതിനിധികളുടെയും എണ്ണം വ്യക്തമാക്കാമോ; | (ബി) | രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും വിവിധ വിദേശ രാജ്യങ്ങളിൽ നിന്നുമായി മൂവ്വായിരത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന വിധമാണ് ക്രമീകരണങ്ങൾ ഒരുക്കിയിട്ടുള്ളത്. |
| (സി) | വിദേശരാജ്യങ്ങളിൽ നിന്ന് പ്രതിനിധികൾ പങ്കെടുക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും വിവിധ വിദേശ രാജ്യങ്ങളിൽ നിന്നുമായി മൂവ്വായിരത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന വിധമാണ് ക്രമീകരണങ്ങൾ ഒരുക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ